**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6181** **09-07-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ സംഘങ്ങളുടെ പ്രതിസന്ധി തരണംചെയ്യുന്നതിന് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | വർദ്ധിച്ചുവരുന്ന കുടിശികമൂലം സഹകരണ സംഘങ്ങൾ നേരിടുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിന് സംഘങ്ങൾക്ക് കുറഞ്ഞ പലിശയ്ക്ക് വായ്പകൾ നൽകാൻ പദ്ധതി ആവിഷ്കരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | (എ) | പ്രവർത്തന ക്ഷമമായ പദ്ധതികൾ/ സാധ്യതയുള്ള പദ്ധതികൾ എന്നിവയുടെ അടിസ്ഥാനത്തിൽ ദുർബലമായ സഹകരണസംഘങ്ങളുടെ പ്രവർത്തനങ്ങളെ പുനരാസൂത്രണം ചെയ്യുകയും പുനരുജ്ജീവിപ്പിക്കുകയും ചെയ്യുകയും പ്രവർത്തന മൂലധനത്തിന്റെ അഭാവം മൂലം പ്രവർത്തനങ്ങൾ മന്ദഗതിയിലായ സഹകരണസംഘങ്ങളുടെ പുനരുജ്ജീവനം, അസാധാരണമായ സാഹചര്യത്തിൽ പ്രവർത്തനം നിലച്ചതും എന്നാൽ പ്രവർത്തന സാധ്യതയുള്ളതുമായ സംഘങ്ങളുടെ പുനരുദ്ധാരണം എന്നീ ലക്ഷ്യങ്ങളോടെ 1969 ലെ കേരള സഹകരണ നിയമം ചട്ടം 53 ന്റെ ഭേദഗതി നടത്തി കേരള സഹകരണ സംഘം പുനരുദ്ധാരണനിധി പദ്ധതി എന്നപേരിൽ ഒരു പദ്ധതി രൂപീകരിക്കുന്നതിന് 16.04.2023 ലെ സ.ഉ(സാധാ)നം.234/2023/സഹ. പ്രകാരം തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.<br><br>സംസ്ഥാനത്തെ സഹകരണ ബാങ്ക്/ സംഘങ്ങളുടെ പരിരക്ഷയും ക്ഷേമവും ഉറപ്പാക്കുക, വികസന പദ്ധതികൾ നടപ്പിലാക്കുക എന്നീ ലക്ഷ്യങ്ങൾക്കായി കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് നടപ്പിലാക്കിയ പദ്ധതിയാണ് കേരള സഹകരണ ക്ഷേമവികസന പദ്ധതി. പ്രവർത്തനമാന്ദ്യം സംഭവിച്ച അംഗസംഘങ്ങൾക്കായുള്ള പുനരുദ്ധാരണ പദ്ധതി പ്രകാരം ആസ്തിശോഷണത്തിലും അറ്റനഷ്ടത്തിലും പ്രവർത്തിക്കുന്ന അംഗസംഘങ്ങളെ ഉൾപ്പെടുത്തി ഒരു നിശ്ചിത കാലഘട്ടത്തിനുള്ളിൽ സംഘത്തിന്റെ ആസ്തിശോഷണവും അറ്റ നഷ്ടവും നികത്തി സുശക്തമായ നിലയിൽ എത്തിക്കുന്നതിന് സംഘം തയ്യാറാക്കി സമർപ്പിക്കുന്ന പ്രോജക്ട് റിപ്പോർട്ടിന്റെയും മോണിറ്ററിംഗ് കമ്മിറ്റിയുടെ ശിപാർശയുടെയും |

| | | | |
|---|---|---|---|
| | | | സഹകരണ സംഘം രജിസ്ട്രാറുടെ അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ ബോർഡ് ഭരണസമിതി തീരുമാനപ്രകാരം മതിയായ ഈടിന്മേൽ 4% പലിശ നിരക്കിലും, അംഗസംഘങ്ങൾക്കായുള്ള വികസന പദ്ധതി പ്രകാരം അംഗസംഘങ്ങൾക്ക് കാലാനുസൃതമായി വിപുലവും പുരോഗമനപരവുമായ ഏതുതരം പദ്ധതികളും നടപ്പിലാക്കുന്നതിനായി പദ്ധതി റിപ്പോർട്ടിന്റെയും മോണിറ്ററിംഗ് കമ്മിറ്റിയുടെ ശിപാർശയുടെയും സഹകരണ സംഘം രജിസ്ട്രാറുടെ അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ ബോർഡ് ഭരണസമിതി തീരുമാനപ്രകാരം മതിയായ ഈടിന്മേൽ 7% പലിശ നിരക്കിലും ധനസഹായം നൽകി വരുന്നു.<br><br>കേരള ബാങ്ക് മുഖേന നൽകുന്ന വായ്പകളിൽ, വിവിധ ജില്ലകളിൽ, കൂടിയ പലിശ നിരക്കിൽ നിലനിന്നിരുന്ന വായ്പകളുടെ പലിശ നിരക്ക് കുറഞ്ഞ നിരക്കിൽ ആക്കി ഏകീകരിച്ചിട്ടുണ്ട്. കേരള ബാങ്ക് ഹ്രസ്വകാല കാർഷിക വായ്പകൾ 1% പലിശ കുറച്ച് വിതരണം ചെയ്തു വരുന്നു. നബാർഡിന്റെ പുനർ വായ്പ പദ്ധതി പ്രകാരം 1% പലിശ നിരക്കിൽ 2 കോടി രൂപ വരെ PACS as MSC വായ്പകൾ നൽകി വരുന്നു. പുനരുദ്ധാരണ പദ്ധതി പ്രകാരം കുറഞ്ഞ പലിശ നിരക്കിൽ KB PACS development വായ്പകൾ അർഹതപ്പെട്ട സംഘങ്ങൾക്ക് കേരള ബാങ്ക് നൽകി വരുന്നു. സഹകരണ സംഘങ്ങളുടെ നെഗറ്റീവ് നെറ്റ് വർത്ത്, 30% മുകളിൽ അംഗതല കുടിശ്ശിക എന്നിവയുള്ള സംഘങ്ങൾക്ക് എക്സംപ്ഷൻ നൽകി വായ്പാ പരിധികൾ പുതുക്കിയും, വർദ്ധിപ്പിച്ചും, പുതിയ പരിധികൾ അനുവദിച്ചും കേരള ബാങ്ക് വായ്പകൾ നൽകി വരുന്നു. |
| (ബി) | കോ-ഓപ് മാർട്ട് എന്ന പദ്ധതിയിലെ നിർദേശങ്ങളിലുള്ള പ്രകാരം കാർഷിക ഉല്പന്നങ്ങൾ ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് വിപണനം നടത്തുന്നതിന് ബന്ധപ്പെട്ട പഞ്ചായത്തിന്റെയോ കൃഷിവകുപ്പിന്റെയോ എന്തെല്ലാം സഹായങ്ങളാണ് ലഭ്യമായിട്ടുള്ളത്; വിശദമാക്കാമോ? | (ബി) | കാർഷിക മേഖലയിൽ വമ്പൻ കുതിപ്പ് നൽകുന്നതിന്റെ ഭാഗമായി സഹകരണ മേഖലയിൽ സഹകരണ സംഘങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് ഏകീകൃത ബ്രാന്റിംഗ് കൊണ്ടുവന്ന് വിപണി നേടുക എന്ന ലക്ഷ്യത്തോടെ സഹകരണ വകുപ്പ് നടപ്പിലാക്കിയ "ബ്രാൻഡിംഗ് ആന്റ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്" പദ്ധതിയുടെ ഭാഗമായി കോപ്പ്മാർട്ട് ഔട്ട്ലെറ്റുകൾ ആരംഭിച്ചു. ആദ്യ ഘട്ടം ആരംഭിച്ച 14 കോപ്പ്മാർട്ടുകൾക്ക് പുറമെ പുതിയ 16 കോപ്പ്മാർട്ടുകൾ കൂടി ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. അതിന് ഉപരിയായി പുതിയ 200 കോപ്പ്മാർട്ടുകൾ ആരംഭിക്കുന്നതിനു വേണ്ടി സന്നദ്ധതയുള്ള പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | നടപടിയും അന്തിമഘട്ടത്തിലാണ്. അപ്രകാരം ഘട്ടം ഘട്ടമായി കോപ്പ്മാർട്ടുകൾ എല്ലാ പഞ്ചായത്തുകളിലേക്കും വ്യാപിപ്പിക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ കൃഷിവകുപ്പുമായി ചേർന്ന് കർഷകരിൽ നിന്നും കാർഷികോല്പന്നങ്ങൾ അടിസ്ഥാന വിലയിൽ സംഭരിച്ച് വിപണനം നടത്തുന്നതിനായി സംഭരണ ഏജൻസികളായി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളെ ഉൾപ്പെടുത്തി വിജ്ഞാപനം നടത്തുന്നതുമായി ബന്ധപ്പെട്ട നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ